# SSLC MODEL EXAMINATION 2022-23

BT **ഉത്തരസൂചിക** **SET-2**

1. അച്ഛൻ കൂടെയുണ്ടെന്നുള്ള അമ്മയുടെ വിശ്വാസം

2. മാമ്പഴം

3. നവ + ഉത്ഥാനം

4. കോഴിയെ കല്ലെറിഞ്ഞ് വീഴ്ത്തിയത്

5. പാശ്ചാത്യവത്കരണം

6. പത്രത്തെ എതിർക്കേണ്ടിവന്നാൽ, ആ എതിർപ്പിനുപോലും പ്രചാരം വേണമെങ്കിൽ പത്രത്തെതന്നെ ആശ്രയിക്കണമെന്നതാണ് പത്രമെന്ന വിരോധാഭാസം.

7. ► കുട്ടനാടിലെ കർഷകത്തൊഴിലാളികളുടെ ഭാഷ.
   ► നാട്ടുഭാഷാസൗന്ദര്യം
   ► കഥയുടെ സ്വാഭാവികാന്തരീക്ഷം നിലനിർത്തുന്നു.

8. ► അമ്മയെ ഉപേക്ഷിക്കാമെന്ന ചിന്ത മകന്റെ മനസ്സിലെ ഇരുട്ടിനെ സൂചിപ്പിക്കുന്നു.
   ► തന്റെ പ്രവൃത്തി ആരും കാണാതിരിക്കാൻ ഇരുണ്ട പ്രദേശം തിരഞ്ഞെടുക്കുന്നു.

9. ❖ അമ്മയുടെ ഗർഭപാത്രത്തിൽ കിടന്നപ്പോൾ മുതൽ കേൾക്കുന്നത് മാതൃഭാഷയാണ്.
   ❖ മാതൃഭാഷ അമ്മയുമായുള്ള ബന്ധവുമാണ്.
   ❖ ജനനശേഷം ആദ്യമായി കേൾക്കുന്നതും സംസാരിക്കുന്നതും മാതൃഭാഷയാണ്.
   ❖ മാതൃഭാഷയുടെ മധുരം പൊക്കിൾക്കൊടിയിൽനിന്ന് നാവിലെത്തുകയാണ് ചെയ്യുന്നത്.
   ❖ ആശയഗ്രഹണത്തിന് മാതൃഭാഷ സഹായകമാവുന്നു.

10 ● മരങ്ങളെ മണ്ണിൽ ഉറപ്പിച്ചുനിർത്തുന്നത് വേരുകളാണ്. സ്നേഹബന്ധമാകുന്ന വേരുകൾ മനുഷ്യനെ നിലനിർത്തുന്നു.
   ● മണ്ണിനടിയിൽ കെട്ടുപിണഞ്ഞുകിടക്കുന്ന വേരുകൾ മരത്തെ താങ്ങിനിർത്തുന്നു.
   ● പരസ്പരബന്ധമില്ലാതെ മനുഷ്യന് നിലനിൽപ്പില്ല.

11. ❖ മാതൃഭാഷയിൽ ധാരാളം സാഹിത്യരചനകൾ ഉണ്ട്. എല്ലാ രചനകളും സുന്ദരമാണ്. എന്നാൽ രചനാശൈലിയിലും പ്രമേയപരമായ സവിശേഷതകളിലും ഓരോ സാഹിത്യസൃഷ്ടിയും വ്യത്യസ്തത പുലർത്തുന്നു.
    ❖ അമ്മയുടെ എഴുത്തുകളും ഇങ്ങനെയാണ്. ഉപദേശങ്ങൾ, നാട്ടുവിശേഷങ്ങൾ, മരുന്നുകുറിപ്പുകൾ, പ്രാർത്ഥനകൾ തുടങ്ങിയ വിവിധ വിഷയങ്ങൾ എഴുത്തുകളിൽ ഉണ്ടാവും.
    ❖ മാതൃഭാഷയിലെ സാഹിത്യസൃഷ്ടികൾക്ക് മാത്രമേ സംസ്കാരം പകർന്നുനൽകാൻ കഴിയുകയുള്ളൂ.

12 ❖ ഗ്രാമീണജീവിതത്തിന്റെ നന്മ ഉൾക്കൊള്ളുന്ന വ്യക്തിയാണ്.

❖ അധ്വാനിക്കാനുള്ള മനസ്സ് ഉണ്ട്.ചെറിയ കച്ചവടങ്ങൾ ചെയ്ത് പണം സമ്പാദിച്ചിരുന്നു.

❖ മനസ്സിൽ നന്മയുള്ള കഥാപാത്രമാണ് മത്തായിയുടെ അമ്മ.

❖ സാമ്പത്തികമായി മെച്ചപ്പെട്ടപ്പോഴും മർക്കോസിന്റെ അപ്പൻ ചെയ്ത ഉപകാരം മറക്കുന്നില്ല.

❖ മർക്കോസിനെ പോലീസ് അറസ്റ്റ് ചെയ്തപ്പോൾ സത്യം തുറന്നുപറഞ്ഞ് അയാളെ രക്ഷിച്ചു. സത്യത്തിന്റെ പക്ഷത്ത് നിൽക്കുന്ന ഒരു കഥാപാത്രമാണ് മത്തായിയുടെ അമ്മ.

13 ❖ സുന്ദരമായ കേരളപ്രകൃതിക്ക് മനുഷ്യഭാവം കല്പിക്കുന്നു.

❖ ചങ്ങലവട്ട തെളിയിച്ച് ഓണത്തപ്പനെ ആനയിക്കുന്ന ഗ്രാമീണകന്യകയായി ഉഷസ്സിനെസങ്കൽപ്പിക്കുന്നു.

❖ സഹ്യപർവ്വതമാകുന്ന ചങ്ങലവട്ടയിൽ സൂര്യനാകുന്ന തീനാളം തെളിച്ച് പുലരി വന്നെത്തുന്നു.

❖ സഹ്യപർവ്വതത്തിന്റെയും ചങ്ങലവട്ടയുടെയും ആകൃതി തമ്മിൽ സാമ്യമുണ്ട്. പ്രഭാതസൂര്യന്റെയും തീനാളത്തിന്റെയും നിറം ഒന്നുതന്നെയാണ്.

❖ ആകാശത്ത് കാണുന്ന ചുവപ്പുനിറം ഉഷസ്സാകുന്ന പെൺകൊടിയുടെ വിരലുകളുടെ നിറമായി കല്പിക്കുന്നു.

❖ പുലരി ദിവസത്തിന്റെ തുടക്കമാണ്. ഓണത്തപ്പന്റെ വരവോടെ പുതിയ ഒരു കാലഘട്ടം തുടങ്ങും.

14 ❖ മാവുകൾക്ക് പ്രത്യേകം പേര് നൽകുന്നു. മനുഷ്യർക്കാണ് ഇത്തരത്തിൽ പേര് നൽകുന്നത്.

❖ മാവിനോട് ഇണക്കവും പിണക്കവും കാണിച്ച് കുട്ടികൾ മാങ്ങ വീഴ്ത്തുന്നു. വീട്ടിലെ മുതിർന്നവരോട് ഇണക്കവും പിണക്കവും കാണിച്ച് കാര്യം നേടിയെടുക്കുന്നത് കുട്ടികളുടെ പ്രത്യേകതയാണ്.

❖ മാവിന്റെ യൗവനം വാർദ്ധക്യം മുതലായവ അവതരിപ്പിക്കുന്നു.

❖ കുടുംബാംഗങ്ങളുമായുള്ള ബന്ധം പറയുന്നു.

❖ വിൽക്കാനോ വെട്ടിവീഴ്ത്താനോ തയാറാവുന്നില്ല.

❖ രോഗാവസ്ഥയിലായ ഒരു മുതിർന്ന അംഗത്തോട് കാട്ടുന്ന സ്നേഹവും ആദരവും കൊച്ചുചക്കരച്ചിയോട് കാട്ടുന്നു.

❖ മുത്തശ്ശിമാരുടെ സ്നേഹവും വാത്സല്യവും കരുതലും മാവ് പ്രകടിപ്പിക്കുന്നു.

15 ❖ സാഹചര്യങ്ങൾ പ്രതികൂലമാകുമ്പോൾ ചില അമ്മമാർ കുഞ്ഞുങ്ങളെ ഉപേക്ഷിക്കാൻ നിർബന്ധിതരാകും. ഇത്തരം കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനുള്ള സർക്കാർസംവിധാനമാണ് അമ്മത്തൊട്ടിൽ.

- ❖ പക്ഷേ അമ്മയെ ഉപേക്ഷിക്കാൻ ഒരു ഇടവുമില്ല. അമ്മയെ ഒരു കാരണവശാലും ഉപേക്ഷിക്കാൻ പാടില്ലെന്ന തിരിച്ചറിവ് ഈ കവിത നൽകുന്നു.
- ❖ സാധാരണഗതിയിൽ അമ്മ മക്കൾക്ക് സുഖവും സന്തോഷവും പകരുന്ന തൊട്ടിലാണ്. അമ്മയുടെ സ്നേഹവും വാത്സല്യവും ഒരിക്കലും കുറയുന്നില്ല. വൃദ്ധരായ മാതാപിതാക്കൾക്ക് സുഖവും സന്തോഷവും പകരുന്ന തൊട്ടിലുകൾ സ്വന്തം മക്കൾ മാത്രമാണെന്ന സത്യവും നിലനിൽക്കുന്നു. അതായത് അമ്മയും മക്കളും പരസ്പരം തൊട്ടിലുകളായി മാറുന്നു.

16

- ❖ തനിക്ക് മാത്രം മോക്ഷം കിട്ടുകയെന്ന ചിന്തയോടെയാണ് ഭാരതത്തിലെ യോഗിമാർ പ്രവർത്തിച്ചത്. ശ്രീനാരായണഗുരു തന്റെ യോഗശക്തിയും ജ്ഞാനശക്തിയും സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി ഉപയോഗിച്ചു. ജ്ഞാനവുംപ്രവൃത്തിയും ഒന്നിച്ചു ചേരുന്നഒരു പ്രായോഗിക വേദാന്തത്തിന് ഗുരു പ്രാധാന്യം നൽകി.
- ❖ മനുഷ്യജാതിഎന്ന ആശയം അവതരിപ്പിച്ചത്ഗുരു ആയിരുന്നു. ഏകലോകമെന്ന ആശയം ആദ്യം അവതരിപ്പിച്ചത് അദ്ദേഹമാണ്.
- ❖ സമൂഹത്തിൽ നിന്ന് അന്ധവിശ്വാസങ്ങൾ ഇല്ലാതാക്കാൻ ഗുരു പരിശ്രമിച്ചു.
- ❖ ആധ്യാത്മികജീവിതം നയിക്കുന്നവർ ഭൗതികജീവിതം നയിക്കുന്നവരെ രണ്ടാം തരക്കാരായി കാണുന്നു. എന്നാൽ ശ്രീനാരായണഗുരു ആധ്യാത്മിക ജീവിതത്തിനും ഭൗതികജീവിതത്തിനുംഒരുപോലെ പ്രാധാന്യം നൽകി.
- ❖ മതപ്രചാരകർ സ്വന്തം മതമാണ് വലുതെന്ന്പറയാറുണ്ട്. എന്നാൽ ഗുരു എല്ലാ മതങ്ങളും ചേരുന്ന ഈശ്വരനെക്കുറിച്ച് സംസാരിച്ചു. മതാതീതനായ ഒരു തത്വജ്ഞാനിയാണ് അദ്ദേഹം.
- ❖ ഗുരുദർശനങ്ങൾ ഇന്നും പ്രസക്തമാണ്.

17

- ❖ പണം സമ്പാദിക്കുന്നതും അത് എണ്ണി തിട്ടപ്പെടുത്തി ഭദ്രമായി വയ്ക്കുന്നതും മാത്രമാണ് ജീവിതലക്ഷ്യമെന്ന് കരുതുന്ന ചിലരുണ്ട്. അവരുടെ പ്രതിനിധിയാണ് ചെമ്പുമത്തായി.
- ❖ അധ്വാനിച്ച് പണം സമ്പാദിക്കുകയും അത് ഫലപ്രദമായി വിനിയോഗിക്കുകയും ചെയ്യുന്നതുവഴി സന്തോഷം കണ്ടെത്താൻ ശ്രമിക്കുന്ന മറ്റു ചിലരുണ്ട്. അത്തരക്കാരനാണ് ചാക്കുണ്ണി.
- ❖ ചെമ്പുമത്തായി പണത്തെ സ്നേഹിച്ചപ്പോൾ ചാക്കുണ്ണി കലയെ സ്നേഹിച്ചു. മകനെയും റേഡിയോയെയും അദ്ദേഹം ഒരുപോലെ സ്നേഹിച്ചു.
- ❖ പണം സമ്പാദനം മാത്രം ലക്ഷ്യമാക്കുന്നവർക്ക് കുടുംബബന്ധവും സാമൂഹികബന്ധവും ഉണ്ടാകില്ല. ചെമ്പുമത്തായി മക്കളെ സ്നേഹിക്കാതെയാണ് വളർത്തിയതെന്ന് അയാൾതന്നെ പറയുന്നുണ്ട്.
- ❖ പ്രയോജനകരമായ രീതിയിൽ പണം വിനിയോഗിക്കുന്ന മനോഭാവം ഊഷ്മളമായ കുടുംബബന്ധവും സാമൂഹികബന്ധവും ഉണ്ടാക്കും. പ്രതിസന്ധികളെ അതിജീവിക്കാനുള്ള ശേഷി ഇവർക്ക് ഉണ്ട്.

- ❖ അതിനാൽ ചാക്കുണ്ണിയുടെ സമീപനം അനുകരണീയമാണ്.
- ❖ കലയോടുള്ള വ്യത്യസ്തകാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്നു.
- ❖ ഗ്രാമീണമനുഷ്യരുടെ നിഷ്തളങ്കത
- ❖ ഭാഷാലാളിത്യം

18 ❖ ജന്മി കുടിയാൻ വ്യവസ്ഥിതി നിലനിന്ന കാലത്തിലെ സാമൂഹികാവസ്ഥ പ്ലാവിലക്കഞ്ഞിയിൽ പ്രതിഫലിക്കുന്നു.

- ❖ ഈ വ്യവസ്ഥിതിക്കെതിരെ ചെറുതായെങ്കിലും പ്രതികരിക്കാൻ മിക്ക ആളുകളും തയാറായിരുന്നില്ല. അതിന് ശ്രമിക്കുന്നവർ ഒറ്റപ്പെടുമെന്ന ഭീതിയാണ് കാരണം.
- ❖ രാവിലെ മുതൽ രാത്രിവരെ കഠിനമായി അധ്വാനിച്ചിട്ടും, ഒരുനേരത്തെ ഭക്ഷണത്തിനുള്ള വകപോലും കൂലിയായി ലഭിക്കാത്ത അവസ്ഥ കർഷകത്തൊഴിലാളികൾക്ക് ഉണ്ടായിരുന്നു.
- ❖ തൊഴിലാളികളെ പരമാവധി ചൂഷണം ചെയ്തു. കരിഞ്ചന്തയിലൂടെ ജന്മിമാർ കൂടുതൽ സമ്പന്നരായിക്കൊണ്ടിരുന്നു.
- ❖ അടിയാളന്മാരെ മനുഷ്യരായിപ്പോലും ജന്മിമാർ പരിഗണിച്ചിരുന്നില്ല.
- ❖ ഈ വ്യവസ്ഥിതിക്കെതിരെ കോരനെപ്പോലെ ചിലർ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് വ്യവസ്ഥിതി തകരുന്നതിന്റെ സൂചനയാണ്.
- ❖ അധ്വാനശേഷി നഷ്ടപ്പെടുന്ന വാർദ്ധക്യകാലത്ത് ഉപജീവിക്കാൻ വിഷമിക്കുന്നു.
- ❖ കർഷകജീവിതം മെച്ചപ്പെടുത്താൻ സഹായകമായ പദ്ധതികൾ ആവിഷ്കരിക്കണം.
- ❖ പൊതുസമൂഹം അന്നം നൽകുന്ന കർഷകരെ ആദരിക്കണം